Uncorrected / not for publication

## മേശപ്പുറത്ത് വച്ച കടലാസുകൾ

**(ചട്ടം 47(2) അനുസരിച്ചുള്ള പ്രത്യേക ലിസ്റ്റ് പ്രകാരം)**

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

“പതിമൂന്നാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 3977, 5299, 5399, 5401 അഞ്ചാം സമ്മേളനത്തിലെ 969, 2628, 2643, 4255, 4310, 7156 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും യഥാസമയം മറുപടി ലഭ്യമാക്കാത്തതിലുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും” ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

“പതിമൂന്നാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 2250 അഞ്ചാം സമ്മേളനത്തിലെ 1034, 1052, 2682, 4329, T4343, 4344, 5277, 5801, 5808, 5855, 7235, 7236 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും യഥാസമയം ” ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

"പതിമൂന്നാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 1195 നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും യഥാ സമയം മറുപടി ലഭ്യമാക്കാത്തതിലുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും" ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

## റിപ്പോർട്ട് സമർപ്പണം

### പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ പതിനെട്ടുമുതൽ ഇരുപത്തിയഞ്ചു വരെയുള്ള റിപ്പോർട്ടുകൾ

ഡോ. ടി. എം. തോമസ് ഐസക്: പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പതിനെട്ടുമുതൽ ഇരുപത്തിയഞ്ചു വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

### അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പത്താമത് റിപ്പോർട്ട്

ശ്രീ. ടി. എൻ. പ്രതാപൻ: അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പത്താമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

## 5. ബിൽ പിൻവലിക്കുന്നതിനുള്ള പ്രമേയം:

### 2008-ലെ ക്രിമിനൽ നടപടി നിയമസംഹിത (കേരള ഭേദഗതി) ബിൽ പിൻവലിക്കുന്നതുസംബന്ധിച്ച്

Chief Minister (Shri Oomman Chandy): Sir, “Under Rule 94 of the Rules of Procedure and Conduct of the business in the Kerala Legislative Assembly regulating the procedure for the withdrawal of a Bill, I move that, the Code of Criminal Procedure (Kerala Amendment) Bill, 2008 returned by the Governor with the message

dated 01-10-2012 as directed by the President for consideration, may be withdrawn under the Clause (b) of the Sub Rule by this House, in the light of the direction of the President communicated by the Governor in his message dated 01-10-2012."

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): പ്രമേയത്തെ പിന്താങ്ങുന്നു.

**ക്രമപ്രശ്നം**

**2008-ലെ ക്രിമിനൽ നടപടി നിയമസംഹിത (കേരള ഭേദഗതി) ബിൽ പിൻവലിക്കുന്നതിനുള്ള ചട്ടം സംബന്ധിച്ച്**

ശ്രീ. എ. കെ. ബാലൻ: സർ, The Code of Criminal Procedure Code (Kerala Amendment) Bill 2008 - കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിലാണ് ഇത് പ്രസിഡന്റിന്റെ അംഗീകാരത്തിനുവേണ്ടി നിയമസഭ പാസ്സാക്കി കൊടുത്തത്. 167, 267 (എ) എന്നിവ അതിലെ 2 ക്ലോസ് ആയിരുന്നു. അതിൽ പ്രസിഡന്റ് 167 (2) ഒഴിവാക്കണമെന്ന് പറഞ്ഞു. കാരണം കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്ന സിആർ.പി.സി. അമന്റ്മെന്റ് ആക്ടിൽ ഇത് വന്നതുകൊണ്ട്. എന്നാൽ 267 (എ) പ്രസിഡന്റ് നിലനിർത്തുകയാണ്. അതുകൊണ്ട് ചട്ടം 94 (സി) പ്രകാരമാണ് മുഖ്യമന്ത്രി ഈ പ്രമേയം കൊണ്ടുവരേണ്ടത്, 94 (ബി) പ്രകാരമല്ല. 94 (ബി) ചട്ടം ബില്ലിന്റെ സാരമായ മാറ്റം വരുത്തുന്നതിന് ഒരു പുതിയ ബിൽ കൊണ്ടുവരുന്നതാണ്. ഇതിൽ ബില്ലിൽ മാറ്റം വരുത്തുന്നില്ല. 94 (സി) പ്രകാരം ബില്ലിന് പകരം മറ്റ് വ്യവസ്ഥകൾക്ക് പുറമെ അതിലെ എല്ലാ വ്യവസ്ഥകൾക്കും അല്ലെങ്കിൽ ഏതെങ്കിലും വ്യവസ്ഥ ഉൾക്കൊള്ളുന്ന മറ്റൊരു ബിൽ പിന്നീട് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ബിൽ 94 (സി) പ്രകാരമാണ് കൊണ്ടുവരേണ്ടത്. 94 (ബി) പ്രകാരം മാറ്റുന്നുണ്ടെങ്കിലാണ് കൊണ്ടുവരേണ്ടത്. ഇതിൽ പ്രസിഡന്റ് ഒന്നും മാറ്റുന്നില്ല. നിലവിലുള്ള ഒരു ക്ലോസ് കേന്ദ്ര ഗവൺമെന്റ് പാസ്സാക്കിയതുകൊണ്ട് ഡിലീറ്റ് ചെയ്യു

ന്നു. മറ്റേത് അങ്ങനെ തന്നെ നിലനിർത്തുന്നു. അതുകൊണ്ട് പ്രോപ്പ റായി 94 (സി) പ്രകാരമാണ് ഇത് കൊണ്ടുവരേണ്ടത്. ഇലക്ട്രോണിക് വീഡിയോ ലിങ്കേജ് വഴി പ്രതിയുടെ അറ്റൻറൻസ്, നേരിട്ട് കോടതിയിൽ ഹാജരാകുന്നില്ലെങ്കിൽപ്പോലും വീഡിയോ ലിങ്കേജ് വഴി വെബ് ക്യാമറ വഴി പ്രദർശിപ്പിക്കുമ്പോൾ അത് മജിസ്ട്രേറ്റ് അംഗീകരിക്കുകയാണ്. 167 (2) അത് കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചു. ട്രയൽ ടൈമിലും അതേ രൂപത്തിൽത്തന്നെ ഈ വീഡിയോ ഇലക്ട്രോണിക് ലിങ്കേജ് വഴി അറ്റൻറൻസ് ഉറപ്പുവരുത്തിയാൽ മതി. നേരിട്ട് ഹാജരാകേണ്ടതില്ല. അതു കൊണ്ട് മാറ്റമില്ല. 94 (സി) പ്രകാരമാണ് അതിന്റെ ഉചിതമായിട്ടുള്ള ഭാഗം. 94 (സി) ഇൻവോക്ക് ചെയ്യുന്നതായിരിക്കും ചട്ടപ്രകാരം നല്ലത്.

മുഖ്യമന്ത്രി (ഉമ്മൻ ചാണ്ടി): സർ, ഇത് പ്രധാനമായും രണ്ട് വകുപ്പു കൾക്ക് വേണ്ടിയാണ് - സെക്ഷൻ 167-ന്റെ ഭേദഗതി, സെക്ഷൻ 260 (എ) പുതുതായി ചേർക്കുന്നു. അതിൽ സെക്ഷൻ 267-ന്റെ ഭേദഗതി - കേന്ദ്ര ഗവൺമെന്റിന്റെ പുതിയ നിയമത്തോടുകൂടി അത് ആവശ്യമില്ലാതെ വന്നു. ഒരു വകുപ്പ് മാറ്റി, ഒരു വകുപ്പ് മാത്രമായി വരുന്നത് സാരമായ മാറ്റമാണ്. നമുക്ക് കിട്ടിയിട്ടുള്ള ലീഗൽ അഡ്വൈസും അതുതന്നെയാണ്. അതുകൊണ്ട് ഈ പ്രൊസീഡ്വർ തന്നെയാണ് ശരിയെന്നാണ് എനിക്ക് തോന്നുന്നത്. ശ്രീ. എ. കെ. ബാലന്റെ നോട്ടീസ് കിട്ടിയശേഷവും ഞാൻ അത് കൺസൽറ്റ് ചെയ്തു. അപ്പോൾ കിട്ടിയ ഉപദേശം അങ്ങനെ തന്നെ യാണ്. രണ്ട് വകുപ്പിനുവേണ്ടി കൊണ്ടുവന്നിട്ടുള്ള നിയമം ഒരു വകുപ്പ്

മാറ്റി ഒരു വകുപ്പ് മാത്രമാക്കുന്നുവെന്ന് പറയുന്നത് സാരമായിട്ടുള്ള മാറ്റ മാണ്. അതുകൊണ്ട് ഇതുപോലെതന്നെ വേണമെന്നുള്ള രീതിയിലുള്ള ഉപദേശമാണ് കിട്ടിയിരിക്കുന്നത്.

**റൂളിംഗ്**

**2008-ലെ ക്രിമിനൽ നടപടി നിയമസംഹിത (കേരള ഭേദഗതി) ബിൽ പിൻവലിക്കുന്നതിനുള്ള ചട്ടം സംബന്ധിച്ച്**

മി. സ്പീക്കർ: മുഖ്യമന്ത്രി നോട്ടീസ് നൽകിയിട്ടുള്ള 'The Code of Criminal Procedure (Kerala Amendment) Bill, 2008' പിൻവലിക്കുന്നതിനുള്ള പ്രമേയം നിയമസഭാ നടപടി ചട്ടം 94 (സി) പ്രകാരം അറിയിക്കേണ്ടിയിരുന്നുവെന്നും ഇപ്പോൾ നോട്ടീസ് നൽകിയിരിക്കുന്നത് ചട്ടം 94 (ബി) പ്രകാരമായതിനാൽ ക്രമപ്രകാരമല്ലെന്നുള്ളതുമാണ് ശ്രീ. എ. കെ. ബാലന്റെ ക്രമപ്രശ്നം. ചട്ടം 94 (ബി) പ്രകാരം ബില്ലിന്റെ ഏതെങ്കിലും ഘട്ടത്തിൽ ബില്ലിന്റെ ചുമതല വഹിക്കുന്ന അംഗത്തിന് ബില്ലിന് പകരം അതിലെ വ്യവസ്ഥയ്ക്ക് സാരമായ മാറ്റം വരുന്ന ഒരു പുതിയ ബിൽ കൊണ്ടുവരാനുണ്ടെങ്കിൽ ബിൽ പിൻവലിക്കാനുള്ള അനുവാദം അഭ്യർത്ഥിക്കാവുന്നതാണ്. സഭ നേരത്തെ പാസ്സാക്കിയ ബില്ലിലെ ക്ലോസ് 2 പൂർണ്ണമായും പിൻവലിക്കുകയും പുതിയ ബില്ലിൽ മൂലനിയമത്തിന് 267-നുശേഷം 267 (എ) എന്നൊരു പുതിയ സെക്ഷൻ ചേർത്തുകൊണ്ടുള്ള ബില്ലാണ് അവതരിപ്പിക്കുന്നതെന്നുമാണ് മുഖ്യമന്ത്രിയുടെ വിശദീകരണത്തിൽ നിന്നും മനസ്സിലാകുന്നത്. സഭ പാസ്സാക്കിയ ബില്ലിൽ സാരമായ മാറ്റം വരുന്ന ഒരു പുതിയ ബിൽ കൊണ്ടുവരുന്ന സാഹചര്യത്തിൽ ചട്ടം 94 (ബി) പ്രകാരം ബിൽ പിൻവലിക്കാനുള്ള അനുവാദം ആവശ്യപ്പെട്ടത്

ക്രമപ്രകാരമാണ്. അതിനാൽ ശ്രീ. എ. കെ. ബാലന്റെ ക്രമപ്രശ്നം ചെയർ തള്ളുന്നു. ബിൽ പിൻവലിക്കുന്നതിനുള്ള പ്രമേയം അവതരിപ്പിച്ചിരിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): 2008-ലെ ക്രിമിനൽ നടപടി നിയമ സംഹിത (കേരള ഭേദഗതി) ബിൽ പിൻവലിക്കുന്നതിനുള്ള പ്രമേയം അംഗീകരണമെന്നഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: 2008-ലെ ക്രിമിനൽ നടപടി നിയമ സംഹിത (കേരള ഭേദഗതി) ബിൽ പിൻവലിക്കുന്നതിനുള്ള പ്രമേയം അംഗീകരണമെന്ന പ്രശ്നം സംബന്ധിച്ച്

അനുകൂലിക്കുന്നവർ: ..........
പ്രതികൂലിക്കുന്നവർ ..................

ബിൽ പിൻവലിക്കുന്നതിനുള്ള പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

**6.നിയമനിർമ്മാണകാര്യം:**

**(1) 2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബിൽ**

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, 2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, 2012-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, ആധാരമെഴുത്തുകാർക്കും പകർപ്പെഴുത്തുകാർക്കും സ്റ്റാമ്പ് വെണ്ടർ മാർക്കും 1991-ൽ പുറപ്പെടുവിച്ച സർക്കാർ

ഉത്തരവനുസരിച്ചുള്ള പദ്ധതിയാണ് ഇപ്പോൾ നിലവിലുള്ളത്. ഇതൊരു നോൺ സ്റ്റാറ്റ്യൂട്ടറി സ്കീമായതുകൊണ്ട് ഇതിന്റെ നടത്തിപ്പിന് ചില പോരായ്മകളുണ്ട്. അതുകൊണ്ട് സ്റ്റാറ്റ്യൂട്ടറിയായിട്ടുള്ള ഒരു ബോർഡും ക്ഷേമനിധിയും രൂപീകരിക്കേണ്ടതായിട്ടുണ്ട്. നിലവിലുള്ള പദ്ധതിപ്രകാരം പെൻഷൻ അടങ്ങിയ ആനുകൂല്യങ്ങൾ അംഗങ്ങളുടെ അവകാശമായി വരുന്നില്ല. ഈ നിയമം നിലവിൽ വരുന്നതോടെ അംഗങ്ങൾക്ക് ഇതൊരു അവകാശമായി മാറും. അവരുടെ സമയബന്ധിതമായ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള സംവിധാനങ്ങളും നിലവിൽ വരും.